## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.2039

06-02-2019 ൽ മറുപടിയ്ക്ക്

### കേരള ഫയർ ആന്റ് റെസ്ക്യൂ സർവ്വീസിനുവേണ്ടി വാഹനങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ. എം. ഉമ്മർ** | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| എ) കേരളാ ഫയർ ആന്റ് റെസ്ക്യൂ സർവ്വീസിനുവേണ്ടി ജി.ഒ (എം എസ് ) നം.209/2018/ആഭ്യന്തരം ജി.ഒ (എം എസ്) നം. 208/2018/ആഭ്യന്തരം എന്നിവ പ്രകാരം എത്ര വാഹനങ്ങൾ വാങ്ങാൻ അനുമതി നൽകിയിട്ടുണ്ട്; വിശദമാക്കാമോ; | എ) 29-12-18 ലെ സ.ഉ.(എം.എസ്.) നം.209/2018/ ആഭ്യന്തരം പ്രകാരം First Response Vehicles ഫാബ്രിക്കേറ്റ് ചെയ്യുന്നതിനായി 25 എണ്ണം Mahindra Imperio DC VX BSIV എന്ന ചേസിസുകൾ ആകെ 1,78,59,575/- (ഒരുകോടി എഴുപത്തെട്ട് ലക്ഷത്തി അമ്പത്തൊമ്പതിനായിരത്തി അഞ്ഞൂറ്റി എഴുപത്തഞ്ച് രൂപ മാത്രം) രൂപയ്ക്ക് വാങ്ങുവാനായി അനുമതി നൽകിയിട്ടുണ്ട്.<br>28-12-18 ലെ സ.ഉ.(എം.എസ്.) നം.208/2018/ ആഭ്യന്തരം പ്രകാരം Multi Utility Vehicle for Emergency Response ആയി ഉപയോഗിക്കുവാൻ 15 എണ്ണം Tata Xenon Crew Cab 4x4 BSIV വാഹനങ്ങൾ ആകെ 1,47,47,355/- (ഒരു കോടി നാൽപത്തിയേഴ് ലക്ഷത്തി നാൽപത്തിയേഴായിരത്തി മുന്നൂറ്റി അൻപത്തഞ്ച് രൂപ മാത്രം) രൂപയ്ക്ക് വാങ്ങുവാനായി അനുമതി നൽകിയിട്ടുണ്ട്. |
| ബി) പ്രസ്തുത വാഹനങ്ങൾ ഏതെല്ലാം സ്റ്റേഷനുകളിലേക്കാണ് നൽകാൻ തീരുമാനിച്ചിരിക്കുന്നത്; വിശദമാക്കാമോ; | ബി) പ്രസ്തുത വാഹനങ്ങൾ വകുപ്പിൽ ലഭ്യമായിട്ടില്ല. ഫാബ്രിക്കേഷൻ പൂർത്തിയാക്കി അവ ലഭ്യമാകുന്ന മുറയ്ക്ക് ഉപയോഗ ആവശ്യകതയുടെ അടിസ്ഥാനത്തിലാണ് വിവിധ നിലയങ്ങളിലേയ്ക്ക് അനുവദിക്കുന്ന കാര്യം തീരുമാനിക്കുന്നത്. |
| സി) മഞ്ചേരി ഫയർ സ്റ്റേഷന് വാഹനം നൽകുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ? | സി) വകുപ്പിൽ പുതിയ വാഹനങ്ങൾ ലഭ്യമാകുമ്പോൾ ലഭ്യതയുടെയും ഉപയോഗ ആവശ്യകതയുടെയും അടിസ്ഥാനത്തിലാണ് വാഹനങ്ങൾ വിവിധ നിലയങ്ങളിലേയ്ക്ക് വിതരണം ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ